## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *140 — 13.06.2014 ലെ മറുപടിയ്ക്ക്

# രാസവള വിലവർദ്ധനവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ.സദാശിവൻ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ. കെ.കെ.ജയചന്ദ്രൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

**(എ)** രാസവള വിലവർദ്ധനവ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതിന് കാരണമായ ഘടകങ്ങൾ എന്തൊക്കെയാണ്;

**(എ)** ഉണ്ട്.

ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി നടപ്പിലാക്കിയ 01.04.2010 മുതൽ കേന്ദ്ര ഗവൺമെന്റ് രാസവള സബ്സിഡി കുറച്ചുകൊണ്ടുവരികയുണ്ടായതും കാലാകാലങ്ങളിലുണ്ടാകുന്ന റെയിൽവേ കടത്തുകൂലി നിരക്ക് വർദ്ധനവും അന്താരാഷ്ട്രമാർക്കറ്റിൽ രാസവളങ്ങൾക്കുണ്ടായിട്ടുള്ള വിലവർദ്ധനവും ഇറക്കുമതി ചിലവും രാസവളങ്ങളുടെ വിലവർദ്ധനവിന് കാരണമായിട്ടുണ്ട്.

**(ബി)** രാസവളങ്ങൾക്ക് സബ്സിഡി നൽകി വരുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

**(ബി)** രാസവളങ്ങൾക്ക് കേന്ദ്രഗവൺമെന്റ് സബ്സിഡി നൽകിവരുന്നുണ്ട്.

| രാസവളത്തിന്റെ പേര് | സബ്സിഡി ഒരു മെട്രിക് ടണ്ണിന് | | |
|---|---|---|---|
| | 01.04.12 | 01.04.13 | 01.04.14 |
| മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് | 14400/- | 11300/- | 9300/- |
| 20:20:0:13 | 9379/- | 8129/- | 8129/- |
| ഡൈ അമോണിയം ഫോസ്ഫേറ്റ് | 14350/- | 12350/- | 12350/- |
| സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ് | 3673/- | 3173/- | 3173/- |
| 10:26:26 | 14309/- | 11841/- | 10974/- |
| അമോണിയം സൾഫേറ്റ് | 5330/- | 4686/- | 4686/- |

**(സി)** രാസവളങ്ങൾക്ക് അമിതമായി വില വർദ്ധിക്കുന്ന സാഹചര്യത്തിൽ നിലവിൽ നൽകിവരുന്ന സബ്സിഡി ഉയർത്താൻ തയ്യാറാകുമോ?

**(സി)** രാസവളങ്ങൾക്ക് സബ്സിഡി നൽകുന്നത് കേന്ദ്രഗവൺമെന്റാണ്. സംസ്ഥാന ഗവൺമെന്റ് രാസവളങ്ങൾക്കുള്ള വില്പന നികുതി ഒഴിവാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ